DESPATCHED
On..10/6/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 285(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5279/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2022 ജൂൺ 7

ശ്രീ. അനൂപ് എ. നായർ,
അനൂപം,
കടയ്ക്കാവൂർ,
തിരുവനന്തപുരം – 695 306. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എ–സെക്ഷൻ), ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & പേഴ്സണൽ അസിസ്റ്റന്റ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 04/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 28/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 07/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അനൂപ് എ.നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട എ6/4886/2021 നമ്പർ ഫയലിന്റെ പകർപ്പ് നൽകാതെ പകരം എ6/4882/2021 നമ്പർ ഫയലിന്റെ പകർപ്പാണ് നൽകിയതെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ ടിയാന്റെ ഒപ്പ്

രേഖപ്പെടുത്തിയിട്ടില്ലെന്നും, ആയതിനാൽ ഹർജിക്കാരന് വ്യക്തമായ മറുപടി ലഭ്യമാക്കുവാനുള്ള നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 09.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. അഡ്വ. വി. ജോയി 4.10.2021-ന് മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷന് സമർപ്പിച്ച റിപ്പോർട്ടടങ്ങിയ ഫയൽ നേരിട്ട് പരിശോധിക്കുവാനുള്ള അനുവാദവും എ6-ഫയലിന്റെ പകർപ്പും ലഭ്യമാക്കണമെന്നും

ii. പ്രസ്തുത പരാതിയിൻമേൽ പരാമർശിച്ചിരിക്കുന്ന ശ്രീമതി കൃപ എ.യുടെ ട്രഷറിയിൽ നിന്നും മടങ്ങിയ ശമ്പള ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 28.12.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പും ശമ്പളബില്ലിന്റെ പകർപ്പും നൽകുന്നു എന്നും 5.1.2022-ൽ ടി ആഫീസിൽ നേരിട്ടു വന്ന് റിപ്പോർട്ട് അടങ്ങിയ ഫയൽ പരിശോധിക്കാവുന്നതാണെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 04.01.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചതായി കാണുന്നു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 13.01.2022 തീയതി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 22.4.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. അനൂപ് എ.നായർ ടി കാര്യാലയത്തിൽ 9.12.2021-ൽ നൽകിയ അപേക്ഷയുടെ മറുപടി 28.12.2021-ന് നൽകിയിട്ടുണ്ടെന്നും എ(6)/4886/21 എന്ന ഫയൽ എ-സെക്ഷനിലുള്ളതല്ലെന്നും ടി ഫയൽ ബി-സെക്ഷനിലെ മറ്റൊരു വിഷയവുമായി ബന്ധപ്പെട്ടതാണെന്നും ടി ഫയലിന്റെ മുഴുവൻ രേഖകളും ടിയാന് 13.1.2022-ൽ ടി കാര്യാലയത്തിൽ നിന്നും നൽകിയിട്ടുണ്ടെന്നും ടി കാര്യാലയത്തിൽ നിന്നും ശ്രീ. അനൂപ് എ.നായർക്ക് എ(3)/5558/21 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 9.12.2021-ന് നൽകിയ വിവരാവകാശ അപേക്ഷ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അവസരം തേടിയാണ് നൽകിയിരുന്നതെന്നും ഒന്നാം എതിർകക്ഷി ടി അപേക്ഷ പരിഗണിച്ച് ടിയാൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ നേരിട്ട് പരിശോധിക്കാൻ 5.1.2022-ന് അവസരം നൽകിയിരുന്നുവെങ്കിലും ടി അവസരം ഹർജിക്കാരൻ ഉപയോഗപ്പെടുത്തിയിരുന്നില്ലെന്നും, പകർപ്പ് ആവശ്യമായ

ഫയലിന്റെ പൂർണ്ണമായ ഫയൽ നമ്പർ നൽകാതെയാണ് ടിയാൻ വിവരാവകാശ അപേക്ഷ നൽകിയിരുന്നതെന്നും കമ്മീഷന് ബോധ്യമാകുന്നു. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി 28.12.2021-ന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നുവെങ്കിലും ആയത് ഒപ്പ് വക്കാതെയാണ് ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുള്ളത്. ആയത് വിവരാവകാശ നിയമപ്രകാരം ശിക്ഷാർഹമാണ്. എന്നാൽ പരാമർശിത കാലയളവിലെ ടി ഒന്നാം എതിർകക്ഷി സർവ്വീസിൽ നിന്നും വിരമിച്ചത് പരിഗണിച്ചും, കമ്മീഷനിൽ ഹാജരാക്കിയ ടി മറുപടിയുടെ കരട് പരിശോധിച്ചതിൽ ആയതിൽ ടിയാൻ ഒപ്പു രേഖപ്പെടുത്തിയിരുന്നതായി കാണുന്നതിനാലും, ടി വീഴ്ച മന:പൂർവ്വമായിരുന്നില്ല എന്നതിനാൽ ടിയാനെതിരെ ശിക്ഷാനടപികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിൽ ഒരേ കാര്യത്തിൽ തന്നെ നിരവധിയായ വിവരാവകാശ അപേക്ഷകൾ നൽകി വരുന്ന പ്രവണത ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ഹർജിക്കാരനെയും കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. എതിർകക്ഷികൾ നൽകിയ മറുപടിയിൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി ആക്ഷേപം ദുരീകരിക്കുന്നതിനായി ടിയാനോ ടിയാന്റെ പ്രതിനിധിക്കോ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരു അവസരം കൂടി ഒന്നാം എതിർകക്ഷി നൽകേണ്ടതും, അപ്രകാരം ഏതെങ്കിലും രേഖകളുടെ പകർപ്പ് ടിയാൻ ആവശ്യപ്പെടുകയാണെങ്കിൽ പകർപ്പ് ഫീ ഒടുക്കി രേഖകളുടെ പകർപ്പുകൾ എടുക്കുന്നതിനുള്ള അനുമതി ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 7-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us

RIGHT TO INFORMATION